ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വൈറോളജി ലാബിൽ കെമിക്കലുകളുടേയും ലാബ് കിറ്റുകളുടേയും ക്ഷാമം പരിഹരിക്കാൻ നടപടി

137 [5282] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന വൈറോളജി ലാബിൽ കെമിക്കലുകളുടേയും, ലാബ് കിറ്റുകളുടേയും ക്ഷാമം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിശോധനയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയും പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരെ നിയമിച്ചും പ്രസ്തുത ലാബിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ആവശ്യാനുസരണം വാങ്ങുവാനുള്ള ഫണ്ട് ലഭ്യമാണ്. ഇപ്പോൾ ആവശ്യാനുസരണം ലോക്കൽ പർച്ചേയ്സ് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

(ബി) ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. പരിശീലനം ലഭിച്ച ടെക്നീഷ്യൻമാരും മറ്റുവിദഗ്ധരും നിലവിലുണ്ട്. പരിശോധനയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാണ്.

ഡോക്ടർമാർക്ക് ദീർഘകാല അവധി

138 [5283] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർക്ക് ദീർഘകാല അവധി നൽകുന്നത് നിയന്ത്രിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള കാലാവധിയായ 20 വർഷം എന്നതിൽ നിന്ന് എത്ര വർഷമായി കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 22-7-2003-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ‌റ്റി.) നം. 2190/03/ആ.കു.വ. പ്രകാരം ഡോക്ടർമാർക്ക് ദീർഘകാല അവധി നൽകുന്നത് സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ദീർഘകാല അവധിയുടെ കാലാവധി 20 വർഷത്തിൽ നിന്നു 10 വർഷമായി കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly